# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4174 — 24.06.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരവികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ.കെ രാജു.<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരവികസനത്തിന് എന്തൊക്കെ പദ്ധതികൾ സർക്കാർ നടത്തിവരുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) ക്ഷീരവികസനത്തിന് താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി<br>2) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>3) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>4) ഹീഫർ പാർക്ക്<br>5) ക്ഷീരഗ്രാമം<br>6) ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ<br>7) പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>8) ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ<br>9) സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>10) ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |
| (ബി) ക്ഷീരകർഷകർക്കായി പുതുതായി ആരംഭിക്കാൻ ഉദേശിക്കുന്ന പദ്ധതികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; | (ബി) പ്രളയബാധിത പ്രദേശങ്ങളിൽ പശുക്കളെ പാർപ്പിക്കുന്നതിനുള്ള എലിവേറ്റഡ് കാറ്റിൽ ഷെഡ്, പ്രളയദുരിതാശ്വാസ പദ്ധതി പ്രകാരം നഷ്ടം സംഭവിച്ച വാണിജ്യ ഡയറി യൂണിറ്റുകൾക്ക് പ്രത്യേക പാക്കേജ്, കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ എന്നിവയാണ് പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ. |
| (സി) നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ക്ഷീരവികസന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) ക്ഷീരവികസന വകുപ്പ് നാദാപുരം മണ്ഡലത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>1. ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും<br>2. തീറ്റപ്പുൽകൃഷി വികസന പദ്ധതി |

| | | | |
|---|---|---|---|
| | | | 3. മിൽക്ക്ഷെഡ് വികസന പദ്ധതി<br>4. ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം<br>5. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി<br>6. ഇൻവെസ്റ്റ്മെന്റ് ഇൻ ഡയറി കോ-ഓപ്പറേറ്റീവ്സ് പദ്ധതി<br>7. കാറ്റിൽ ഫീഡിംഗ് സബ്സിഡി പദ്ധതി |
| (ഡി) | മുൻപ് മണ്ഡലത്തിൽ നടപ്പിലാക്കിയിരുന്നതും എന്നാൽ കഴിഞ്ഞ വർഷം നിർത്തലാക്കിയതുമായ ഡയറി സോൺ പദ്ധതി ഈ വർഷം പുനഃസ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; | (ഡി) | പ്രളയ ദുരിതാശ്വാസത്തിനായി 2018-19, 2019-20 വർഷങ്ങളിൽ 22 കോടി രൂപയുടെ പ്രത്യേക പദ്ധതി നടപ്പിലാക്കേണ്ടതിനാൽ ഡയറി സോൺ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കില്ല. |
| (ഇ) | ഏതൊക്കെ ബ്ലോക്കുകളിൽ ഡയറി സോൺ പദ്ധതി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | നിലവിൽ ജില്ലയിലെ ഒരു ബ്ലോക്കിലും ഡയറി സോൺ പദ്ധതി നടപ്പിലാക്കുന്നില്ല. 2018-19 ൽ ഒരു ബ്ലോക്കിലും ഡയറി സോൺ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**